## മാർത്തോമ്മ സഭാ ഹരിത അവാർഡ്

അവലംബിക്കേണ്ട പൊതു മാനദണ്ഡങ്ങൾ

### A

1. പരിസ്ഥിതി അവബോധം, സഭയുടെ പ്രേഷിത വൃത്തിയുടെ ഭാഗമായി പരിഗണിക്കുന്നതിനും, സഭാംഗങ്ങളിൽ സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കുന്നതിനും വേണ്ടി സഭാ കൗൺസിൽ ഏർപ്പെടുത്തിയിക്കുന്ന അവാർഡാണ് **മാർത്തോമ്മാ സഭ ഹരിത അവാർഡ്.**
2. സഭാ കൗൺസിൽ തീരുമാനിക്കുന്ന ഒരു പരിശോധനാ കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് അപേക്ഷകൾ സ്വീകരിക്കേണ്ടതും, അവയെ പരിശോധിച്ച ശേഷം മൂന്നായി എണ്ണം തിട്ടപ്പെടുത്തി ലിസ്റ്റ് ആദ്യഘട്ടത്തിൽ ക്രമീകരിക്കേണ്ടതാണ്.
3. കമ്മിറ്റിയംഗങ്ങൾ വിശദമായ പരിശോധനക്കുവേണ്ടി ചുരുക്കപ്പട്ടികയിലുള്ള ഇടവകകൾ/ അരമനകൾ/ സഭയുടെ സ്ഥാപനങ്ങൾ സന്ദർശിക്കേണ്ടതും, ഹരിത അവാർഡിനു അർഹതയുള്ള ഒരു ഇടവകയുടെയോ/ അരമനയുടെയോ/ സ്ഥാപനത്തിന്റെയോ പേര് സഭാ കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്. കാഷ് അവാർഡും എവർറോളിഗ് ട്രോഫിയും ഓരോ വർഷത്തെയും മണ്ഡലയോഗത്തിൽ വച്ച് നൽകുന്നതും ആണ്.

### B <u>അവലംബിക്കേണ്ട പൊതു മാനദണ്ഡങ്ങൾ</u>

1. ഇടവക സംഘത്തിന്റെയോ, ഗവേർണിഗ് ബോർഡിന്റെയോ അംഗീകാരത്തോടു കൂടി പരിസ്ഥിതി സൗഹൃദ ഇക്കോസംരംഭങ്ങൾക്കും സ്ഥായിയായ വികസനത്തിനും സഹായകരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. പള്ളിയുടെ/ അരമനയുടെ/ സ്ഥാപനത്തിന്റെ പരിസരത്ത് ചെടികളും, മരങ്ങളും നട്ടു പിടിപ്പിച്ച് ഹരിത വലയം സൃഷ്ടിക്കേണ്ടതാണ്.
3. പള്ളിയുടെ/ അരമനയുടെ/ സ്ഥാപനത്തിന്റെ പരിസരത്തും, പള്ളിപ്പുരയിടത്തും ഉള്ള വൃക്ഷങ്ങളുടെ പേരുകൾ എഴുതി പ്രദർശിപ്പിച്ച് ജൈവ വൈവിദ്ധ്യം കാത്തു സൂക്ഷിക്കേണ്ടതാണ്.
4. പള്ളിയുടെ/ അരമനയുടെ/ സ്ഥാപനയുടെ ഉള്ളിലും, വെളിയിലും സൂരോർജ പാനലുകൾ ഉപയോഗപ്പെടുത്തി സൗരോർജ്ജം പ്രയോജനപ്പെടുത്തേണ്ടതും, അന്തരീക്ഷത്തിലെ താപനില ആവുന്നടത്തോളം സമീകരിക്കേണ്ടതിന് പരിസ്ഥിതി സൗഹൃദമായ ബദൽ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതും ആണ്.
5. വാട്ടർ ഹാർവെസ്റ്റിഗ്, ബയോഗ്യാസ് പ്ലാന്റ് എന്നീ പരിസ്ഥിതി സൗഹൃത രീതികൾ പ്രയോജനപ്പെടുത്തേണ്ടതാണ്. മാലിന്യ സംസ്കരണ ഉപാധികൾ ഉപയോഗിച്ച് പരിസ്ഥിതി മലിനീകരണത്തെ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. പള്ളിയുടെയും/ അരമനയുടെയും/ സ്ഥാപനത്തിന്റെയും പരിസരവും പ്ലാസ്റ്റിക് ഫ്രീ സോണായി പ്രഖ്യാപിക്കുകയും, പള്ളിയുടെ സിമിത്തേരി പരിസ്ഥിതി സൗഹൃദരീതിയിൽ കാത്തു സൂക്ഷിക്കേണ്ടതും ആണ്.
7. പരിസ്ഥിതി ഞായറാഴ്ച ഭൗമദിനമായി വേർതിരിക്കുകയും, ഇടവകയും/ അരമനയും/ സ്ഥാപനവും വിവിധ ഇക്കോ പരിപാടികളോടുകൂടി ആചരിക്കുകയും ചെയ്യേണ്ടതാണ്.
8. പരിസ്ഥിതി സൗഹൃദം ഉൾക്കൊള്ളുന്ന പരിസ്ഥിതി മുദ്രാവാക്യങ്ങൾ, ഇക്കോഗീതങ്ങൾ, കവിതകൾ, ഫോറസ്റ്റ് ലാൻഡ്സേക്കപ്പുകൾ മുതലായ ഇക്കോവർക്ക് ഷോപ്പുകളിൽ കൂടി തയ്യാറാക്കി പൊതുവേദികളിലും, പരിസരത്തും പ്രദർശിപ്പിക്കേണ്ടതാണ്.
9. സഭയിലെ ഭവനങ്ങൾ ഹരിത ഭവനങ്ങളാക്കുന്ന പരിപാടികളിൽ ഇടവക ജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതും, തരിശുഭൂമിയിൽ വൃക്ഷതൈകൾ നട്ടും, വീടുകളുടെ പരിസരത്ത് ആര്യവേപ്പ് തുളസി, കറിവേപ്പ്, കറ്റാർവാഴ മുതലായ ഔഷധച്ചെടികൾ നട്ടു പിടിപ്പിച്ചും, അടുക്കളതോട്ടം നിർമ്മിച്ചും സാമൂഹിക പ്രതിബദ്ധത വെളിപ്പെടുത്തേണ്ടതാണ്.
10. ഇടവക ജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനു സഹായകരമായ ശുചീകരണ വേലകൾ, പ്രഭാഷണങ്ങൾ, Eco- Quiz program മുതലായവ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കേണ്ടതും, ഇക്കോപിക്നിക്കുകളും, വർക്കുഷോപ്പുകളും ക്രമീകരിക്കേണ്ടതും ആണ്.
11. പരിസ്ഥിതി ആദ്ധ്യാത്മിക വളർത്തുന്നതിനു സഹായകരമായ ബൈബിൾ പഠനങ്ങൾ ക്രമീകരിച്ചും, പ്രകൃതിയിൽ നിന്നും ജീവിത മൂല്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള ആരാധനാക്രമങ്ങളും, പ്രാർത്ഥനകളും ഉപയോഗ പ്പെടുത്തി ഇടവകയിലെ ആദ്ധ്യാത്മിക ജീവിതത്തെ പരിപുഷ്ടിപ്പെടു ത്തേണ്ടതാണ്.
12. ഭൂമിയും, അതിന്റെ പൂർണ്ണതയും സ്രഷ്ടാവിനുള്ളതാണെന്നുള്ള വിശ്വാസ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ കാലോചിതമായ പരിസ്ഥിതി സൗഹൃദ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
13. രണ്ടു വർഷം തുടർച്ചയായി സഭയുടെ ഹരിത അവാർഡു ലഭിച്ച ഇടവകകളെ തൊട്ട അടുത്തവർഷത്തെ പരിസ്ഥിതി അവാർഡു മത്സരത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്.